**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4571** **29-10-2021 - ൽ മറുപടിയ്ക്ക്**

**സംരക്ഷിത ജീവികളുടെ ഓൺലൈൻ വില്പന തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംരക്ഷിത ജീവി വർഗ്ഗങ്ങളിൽപ്പെട്ടവയുടെയും അവയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെയും ഓൺലൈൻ വില്പന വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംരക്ഷിത ജീവിവർഗ്ഗങ്ങളിൽപ്പെട്ടവയുടെയും അവയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെയും ഓൺലൈൻ വിൽപ്പന വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും 2017 വർഷത്തിൽ ഇത്തരത്തിലുള്ള ഒരു കേസ്സ് മലയാറ്റൂർ ഡിവിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇത് തടയുന്നതിന് വനംവകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇത്തരത്തിലുള്ള ഓൺലൈൻ വിൽപ്പന തടയുന്നതിന്റെ ഭാഗമായി വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോ) (WCCB) ഓപ്പറേഷൻ വൈൽഡ് നെറ്റ് - IV (Operation Wild Net -IV) എന്ന പേരിൽ ഒരു ഓപ്പറേഷൻ വിഭാവനം ചെയ്ത് 01.08.2021 മുതൽ 30.09.2021 വരെ രാജ്യത്ത് ഇതുമായി ബന്ധപ്പെട്ട് നിയമം നടപ്പാക്കുന്ന എല്ലാ ഏജൻസികളും നടപടി സ്വീകരിക്കണമെന്ന് അറിയിച്ചിരുന്നു. എന്നാൽ ഇത്തരത്തിലുള്ള ഓൺലൈൻ വിൽപ്പന ഒന്നുംതന്നെ ഈ കാലയളവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | ഇത്തരത്തിലുള്ള എത്ര കേസുകൾ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ? | (സി) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് സംരക്ഷിതജീവി വർഗ്ഗങ്ങളിൽപ്പെട്ടവയുടെയും അവയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെയും അനധികൃത കച്ചവടവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| **വർഷം** | **എണ്ണം** |
|---|---|
| 2020 | 0 |
| 2019 | 0 |
| 2018 | 0 |
| 2017 | 1 |
| 2016 | 0 |
| **ആകെ** | **1** |